# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗരകാര്യം - തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ശ്രീ. കെ.എം. ബഷീറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.യു.) വകുപ്പ്**

സ.ഉ(സാധാ) നം.2588/2016/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 03/09/2016.

---

പരാമർശം -
1. തൃശ്ശൂർ അരണാട്ടുകര നിവാസി ശ്രീ. അനൂപ് ഡേവീസ് കാട സർക്കാരിന് സമർപ്പിച്ച ഹർജി.
2. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ അഡ്വ.എ.എസ്. രാമദാസൻ സർക്കാരിന് സമർപ്പിച്ച ഹർജി.
3. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ. അനൂപ് കരിപ്പാൽ സർക്കാരിന് സമർപ്പിച്ച ഹർജി.
4. തൃശ്ശൂർ കോർപ്പറേഷൻ മേയർ സർക്കാരിനയച്ച 23/08/2016 ലെ ഹർജി.

## ഉത്തരവ്

തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ജയ് ഹിന്ദ് മാർക്കറ്റിലെ 'ബി' ബ്ലോക്കിലെ 2-ാം നമ്പർ കടമുറി തൃശ്ശൂർ മൊത്ത വ്യാപാര സഹകരണ സംഘത്തന് (Thrissur whole sale consumer Co-Operative Society) സഹകണ സ്ഥാപനമെന്ന പരിഗണനയിൽ ലൈസൻസ് വ്യവസ്ഥയിൽ ചുരുങ്ങിയ വാടകയ്ക്ക് നൽകിയിരുന്നുവെന്നും, കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 215-ാം വകുപ്പ് പ്രകാരം ലൈസൻസ് വ്യവസ്ഥയിൽ നൽകിയ ടി കെട്ടിടം ലൈസൻസിക്ക് ആവശ്യമില്ലാത്ത പക്ഷം നഗരസഭയെ തിരിച്ചേൽപിക്കാൻ വ്യവസ്ഥയുള്ളതാണ് എന്നും, എന്നാൽ ടി കെട്ടിടം ഒരു സ്വകാര്യ വ്യക്തിക്ക് തൃശ്ശൂർ ഹോൾ സെയിൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൈമാറ്റം നടത്തുകയും നിയമ വിരുദ്ധമായ ഈ കൈമാറ്റം നിയമവിധേയമാക്കുന്നതിനു കോർപ്പറേഷനിൽ അവർ അപേക്ഷ നൽകിയെന്നും നഗരത്തിന്റെ ഹൃദയഭാഗത്തു ഏറ്റവും ചുരുങ്ങിയത് പ്രതിമാസം ഒരുലക്ഷം രൂപയെങ്കിലും പ്രതിമാസ ലൈസൻസ് ഫീസ് ലഭിക്കേണ്ട പ്രസ്തുത കെട്ടിടം തൃശ്ശൂർ ഹോൾ സെയിൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അധികൃതരും കോർപറേഷൻ സെക്രട്ടറിയും സ്വകാര്യ വ്യക്തിയും കൂടിച്ചേർന്നു ഗൂഢാലോചന നടത്തി ചുരുങ്ങിയ തുകക്ക് കൈമാറ്റം ചെയ്തു എന്നും ഈ കെട്ടിടം നിയമവിരുദ്ധമായി നൽകുന്നത് സംബന്ധിച്ച് കോർപറേഷൻ സെക്രട്ടറിയെ നിരവധി തവണ നേരിട്ടും, ഓഫീസ് മുഖേനയും, അപേക്ഷ മുഖേനയും ധരിപ്പിച്ചിട്ടുള്ളതാണെന്നും സ്വകാര്യ ലാഭത്തിനു വേണ്ടി കോർപറേഷൻ വസ്തുക്കൾ ടെൻഡർ നടപടികളോ മറ്റു നിയമപരമായ നടപടികളോ പാലിക്കാതെ സ്വകാര്യ വ്യക്തിക്ക് നൽകിയ പ്രവർത്തി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ

നടപടി സ്വീകരിക്കണമെന്നും കാണിച്ച പരാമർശം ഒന്ന് പ്രകാരം ശ്രീ. അനൂപ് ഡേവീസ് കാട അരണാട്ടുകര സർക്കാരിന് ഹർജി സമർപ്പിച്ചു.

2. മേൽ വിഷയത്തിൽ കോർപ്പറേഷൻ സെക്രട്ടറി അടക്കമുള്ളവർക്കെതിരെ കേസെടുക്കുവാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസ് & ആന്റി- കറപ്ഷൻ ബ്യൂറോയുടെ ഡി. വൈ.എസ് .പി ക്ക നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കോർപറേഷൻ സ്വത്ത ഒരു സ്ഥാപനം ഒരു സ്വകാര്യ വ്യക്തിക്ക് മറിച്ച നൽകി പണം സമ്പാദിക്കുമ്പോൾ അത് സംരക്ഷിക്കേണ്ട ഭരണാധികാരിയും ഉദ്യോഗസ്ഥരും അതിനു കൂട്ടുനിൽക്കുകയാണ് ചെയ്തതെന്നും, ഇപ്രകാരം പ്രവർത്തിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കാണിച്ച തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ അഡ്വ.എ.എസ്. രാമദാസൻ പരാമർശം രണ്ട പ്രകാരം സർക്കാരിന് ഹർജി സമർപ്പിച്ചു.

3. തൃശ്ശൂർ കോർപറേഷനിലെ പഴയ അയ്യന്തോൾ പഞ്ചായത്ത പ്രദേശത്ത അയ്യന്തോൾ വില്ലേജിൽ സർവേ നമ്പർ 377/പി/379/2/380/പി എന്നിവയിൽ ഉൾപ്പെട്ട സ്ഥലം വില്ലജ് രേഖകൾ പ്രകാരം 'നിലമാണെന്നും' ഈ സ്ഥലത്ത ഒരു കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ടി. ബാലകൃഷ്ണൻ എന്ന വ്യക്തി സമർപ്പിച്ച അപേക്ഷ സ്ഥലം 'നിലമായതിനാൽ' 30/6/2014 ൽ നിരസിച്ചിട്ടുള്ളതാണെന്നും, എന്നാൽ ശ്രീ ബാലകൃഷ്ണൻ ഇതിനെതിരെ ഫയൽ ചെയ്ത അന്യായത്തിന്റെ വിധിയിൽ ഇക്കാര്യം അന്വേഷിച്ച യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു എന്നും എന്നാൽ നിലം സംബന്ധമായ കെട്ടിട നിർമാണത്തിൽ തീരുമാനമെടുക്കുന്നതിന് മുൻപ് അവിടെ കൃഷി നടക്കുന്നുണ്ടോയെന്നും കൃഷി യോഗ്യമായതാണോ സ്ഥലമെന്നു പരിശോധിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയിൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും, വില്ലജ് ഓഫീസറുടെ സാക്ഷ്യപത്രവും വളരെ അത്യാവശ്യമാണെന്നിരിക്കെ, ഇത്തരം യാതൊരു സാക്ഷ്യപത്രമോ ഈ ഉദ്യോഗസ്ഥരുമായി കൂടിയാലോചിക്കുകയോ കൂടാതെ, ജില്ലാ കളക്ടർ ഇക്കാര്യത്തിൽ രേഖപ്പെടുത്തിയ അഭിപ്രായ വ്യത്യാസം പോലും കണക്കിലെടുക്കാതെ സ്ഥലം ഉടമയെ വിളിച്ച വരുത്തി ഏകപക്ഷീയമായി നിയമവിരുദ്ധമായി കോർപ്പറേഷൻ സെക്രട്ടറി വ്യക്തിപരമായ താല്പര്യത്തിനും അവിഹിത ധനസമ്പാദനത്തിനും വേണ്ടി അനധികൃതമായി കെട്ടിടം നിർമിക്കുന്നതിന് ശ്രീ. ടി. ബാലകൃഷ്ണന് അനുമതി നൽകിയെന്നും, നിലം നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ നിർമാണ അനുമതി നൽകുകയും അങ്ങനെ പൂർത്തീകരിച്ച കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്തിരിക്കുന്നതെന്നും ഇത് നഗരത്തിലെ അനധികൃത നിർമാണം വർധിക്കുന്നതിന് ഇടവരുത്തിയതിനാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും കാണിച്ച തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീ. അനൂപ് കരിപ്പാൽ പരാമർശം മൂന്ന് പ്രകാരം സർക്കാരിന് ഹർജി സമർപ്പിച്ചു.

4. 20/8/2016 ലെ തൃശ്ശൂർ ദിവാൻജിമൂല മേൽപ്പാല നിർമാണ ഉത്ഘാടനത്തിനു തൃശ്ശൂർ കോർപറേഷൻ സെക്രട്ടറി ശ്രീ. കെ.എം. ബഷീർ പങ്കെടുക്കാതിരുന്നത് ബോധപൂർവ്വമാണെന്നും ഇത് ഗുരുതരമായ കൃത്യ നിർവഹണ ലംഘനമാണെന്നും കാണിച്ച തൃശ്ശൂർ മേയർ പരാമർശം നാല്പ പ്രകാരം സർക്കാരിന് ഹർജി സമർപ്പിച്ചു.

5. മേൽപ്പറഞ്ഞ ഹർജികളെല്ലാം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ ഹർജിക്കൊപ്പം ഉള്ളടക്കം ചെയ്തിരുന്ന തൃശ്ശൂർ കോർപറേഷൻ സെക്രെട്ടറിക്കുള്ള 31/10/2014 ലെ കത്തിൽ Thrissur whole sale consumer Co-

Operative Society ക്കനുവദിച്ച ഹാളിന്റെ ഒരു ഭാഗം ഒരു ദിനപ്പത്രത്തിനും മറ്റൊരു ഭാഗം ഒരു സ്വകാര്യ ഐ ക്ലിനിക്കിനും നൽകിയത് യാതൊരുവിധ റെക്കോർഡുകളോ, ഫിനാൻസ് കമ്മിറ്റി തീരുമാനമോ, കോർപറേഷൻ കൗൺസിൽ തീരുമാനമോ കൂടാതെയാണെന്നും ഇങ്ങനെ മുറി നൽകിയ നടപടി മുനിസിപ്പാലിറ്റീസ് ആക്ടിന് വിരുദ്ധമാണെന്നു ചൂണ്ടിക്കാണിച്ചതായിക്കാണുന്നു. ഹർജികളിലേ ആരോപണങ്ങളെല്ലാം അതീവ ഗൗരവതരമാണ്. കുറ്റകരമായ വീഴ്ചകളാണ് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉണ്ടായതായിക്കാണുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുണ്ട്. തൃശ്ശൂർ കോർപറേഷൻ സെക്രട്ടറി ശ്രീ കെ.എം. ബഷീറിനെ സർവീസിൽ തുടരുവാൻ അനുവദിച്ചു കൊണ്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നത് ഉചിതമല്ല എന്ന് സർക്കാർ കരുതുന്നു.

6. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, തൃശ്ശൂർ കോർപറേഷൻ സെക്രട്ടറി ശ്രീ കെ.എം. ബഷീറിനെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(a) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ് പെൻഡ് ചെയ്തു ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലത്തു ശ്രീ കെ.എം. ബഷീറിന് കേരളാ സർവീസ് റൂൾസ് ഭാഗം I ചട്ടം 55 പ്രകാരമുള്ള സബ്സിസ്റ്റൻസ് അലവൻസിനു അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ.ജോസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ.

ശ്രീ കെ.എം. ബഷീർ, സെക്രട്ടറി , തൃശ്ശൂർ കോർപറേഷൻ ( നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )

തൃശ്ശൂർ കോർപ്പറേഷൻ മേയർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit/ എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.